**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 814** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഗോത്ര വാത്സല്യനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഗോത്ര വാത്സല്യനിധി പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദവിവരങ്ങൾ നൽകാമോ; | (എ) | പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കും അവരുടെ സുരക്ഷ ഉറപ്പാക്കുന്ന തിനുമായി ആവിഷ്കരിച്ച ഒരു പദ്ധതിയാണ് ഗോത്രവാത്സല്യനിധി. പട്ടികവർഗ്ഗ പെൺകുട്ടി കൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക, ഇവരുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, കുട്ടികൾക്ക് സംരക്ഷണം നൽകുക, വിദ്യാഭ്യാസ മേഖലയിൽ നിന്ന് ഇവരുടെ കൊഴിഞ്ഞ് പോക്ക് തടയുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് 1,38,000/- രൂപ സർക്കാർ പ്രീമിയം അടച്ചാണ് പട്ടികവർഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്യുന്നത്. ടി പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യുന്ന പെൺകുട്ടിക്ക് 2 വയസ് പൂർത്തിയായി പ്രതിരോധ കുത്തിവെയ്പ് എടുക്കുമ്പോൾ മാതാപിതാക്കൾക്ക് 2000/- രൂപയും, 5 വയസ് പൂർത്തിയായി സ്കൂളിൽ / അംഗനവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 3000/- രൂപയും, പെൺകുട്ടിയ്ക്ക് 10 വയസ്സ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 5000/- രൂപയും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുമ്പോൾ 10000/- രൂപയും ധനസഹായമായി ലഭിക്കുന്നു. പെൺകുട്ടിയ്ക്ക് 18 വയസ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ടി കുട്ടിയ്ക്ക് ലഭിക്കുന്നു. കൂടാതെ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടാൽ ചുവടെ പറയുന്ന ആനുകൂല്യം ലഭിക്കുന്നു. 1) അപകടമരണം - 4 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു. 2) സാധാരണ മരണമാണെങ്കിൽ 2 ലക്ഷം രൂപ അനന്തരാവകാശികൾക്ക് ലഭിക്കുന്നു. 3) കൂടാതെ |

| | | | |
|---|---|---|---|
| | | | മാതാപിതാക്കളിൽ രണ്ടാമത്തെയാൾ മരണപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് അപകടം സംഭവിച്ചാൽ ചുവടെ പറയും പ്രകാരം ആനുകൂല്യം ലഭിക്കുന്നു. 1) അപകടം മൂലം പൂർണമായും ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 2 ലക്ഷം രൂപ ലഭിക്കുന്നു. 2) അപകടം മൂലം ഭാഗികമായി ശാരീരിക ക്ഷമത നഷ്ടപ്പെട്ടാൽ 1 ലക്ഷം രൂപ ലഭിക്കുന്നു. |
| (ബി) | നാളിതുവരെ എത്ര പേർ ഈ പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുണ്ടെന്നും എത്രപേർക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | 01/04/2017 മുതൽ ജനിച്ച 2088 പട്ടികവർഗ്ഗ പെൺകുട്ടികളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടി ഇൻഷ്വറൻസ് പദ്ധതി ഒരു ദീർഘകാല പദ്ധതിയായതിനാൽ 18 വയസ് പൂർത്തി ആയാൽ മാത്രമേ പെൺകുട്ടികൾക്ക് ആനുകൂല്യം ലഭിക്കുകയുള്ളൂ. മാർഗ്ഗ നിർദ്ദേശ ത്തിൽ പറയും പ്രകാരം രക്ഷകർത്താക്കൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകാമോ; | (സി) | പഞ്ചായത്ത് തിരിച്ച് വിവരം ചുവടെ ചേർക്കുന്നു. വിതുര – 30, പെരിങ്ങമല – 20, നന്ദിയോട് -6, പാങ്ങോട്-4, പുല്ലമ്പാറ-1, വെള്ളറട-2, വെള്ളനാട്-1, കുറ്റിച്ചൽ-17, അമ്പൂരി-17, കള്ളിക്കാട്-4, പൂവച്ചൽ-2, ആര്യനാട്-3, തൊളിക്കോട്-17, തിരുവനന്തപുരം-കോർപ്പറേഷൻ-1, ഉഴമലയ്ക്കൽ-1, വെമ്പായം-1, മാറനല്ലൂർ-2, പനവൂർ-1, ആകെ-130 |
| (ഡി) | ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ ആനുകൂല്യം ലഭിച്ചവരുടെ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ? | (ഡി) | ടി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം ക്ലെയിം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ